LIBRARY ARCHIVES Kerala Legislative Assembly

ദേശീയോദ്യാന സംരക്ഷണത്തിന് അനുവദിച്ച തുക

111 [2982] ശ്രീ. പി. എസ്. സുപാൽ:

„ എം. കുമാരൻ:

„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാന സംരക്ഷണത്തിന് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ കേന്ദ്രഗവൺമെന്റിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഉദ്യാനത്തിനും ഓരോ വർഷം അനുവദിച്ച തുക എത്ര വീതമാണെന്നും ഇതിൽ എത്ര തുക വീതം ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ;

(സി) ഈ തുക വകമാറ്റി ചെലവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയോദ്യാന സംരക്ഷണത്തിന് കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും 136.445 ലക്ഷം രൂപയുടെ ധനസഹായവും മുൻവർഷങ്ങളിൽ അനുവദിച്ചതിൽ ചെലവഴിക്കാൻ കഴിയാത്ത തുക പുതുക്കി അനുവദിച്ച ഇനത്തിൽ 58.615 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) ഓരോ ഇനത്തിലും ഓരോ വർഷം അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു. †

(സി) കേന്ദ്രസർക്കാർ അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

വനവിഭവങ്ങളുടെ ലേലം

112 [2985] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ സി. മമ്മൂട്ടി:

„ കളത്തിൽ അബ്ദുള്ള:

„ പി. കെ. കെ. ബാവ:

„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങളുടെ ലേല വിൽപ്പനയിൽ ലഭിക്കേണ്ട തുക ലേലത്തിൽ പങ്കെടുക്കുന്നവരുടെ ധാരണയുടെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ കിട്ടേണ്ടതിനെക്കാൾ കുറഞ്ഞുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.